I/164200/2024

**<u>സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടിക്രമം</u>**
**<u>കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ കാര്യാലയം, തിരുവനന്തപുരം.</u>**
**<u>(ഹാജർ: ബീന.പി.എസ് )</u>**

വിഷയം:- കാർഷിക വികസനകർഷക ക്ഷേമ വകുപ്പ് ജീവനക്കാര്യം- കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ആസ്ഥാന കാര്യാലയത്തിൽ ക്ലാർക്ക് തസ്തികയുടെ 10% ഒഴിവുകളിലേക്ക് ലാസ്റ്റ് ഗ്രേഡ് സബോർഡിനേറ്റ് സർവ്വീസിൽ ഉൾപ്പെട്ട താഴ്ന്ന വിഭാഗം ജീവനക്കാർക്ക് തസ്തികമാറ്റം വഴി നിയമനം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം :-
1) സർക്കാർ ഉത്തരവ് (പി) നമ്പർ. 1/2014 ഉ പ വ തീയതി: 03/01/2014
2) സർക്കാർ ഉത്തരവ് (പി) നമ്പർ 21/2014/ ഉ..പ.വ തീയതി: 19/07/2017
3) സർക്കാർ ഉത്തരവ് (പി) നമ്പർ 16/2015 ഉ പ.വ തീയതി: 28/05/2015
4) ഈ കാര്യാലയത്തിലെ 01/09/2015 ലെ എസ്.എച്ച് (1) 12376/2014 നമ്പർ ഉത്തരവ്
5) ഈ കാര്യാലയത്തിലെ 10/01/2019 ലെ എസ്.എച്ച് (1) 12376/2014 നമ്പർ ഉത്തരവ്
6) ഈ കാര്യാലയത്തിലെ 22/02/2019 ലെ എസ്.എ (1) 50672/2017 നമ്പർ ഉത്തരവ്
7) ഈ കാര്യാലയത്തിലെ 13/05/2019 ലെ എസ്.എ (1) 50672/2017 നമ്പർ ഉത്തരവ്

**<u>ഉത്തരവ് നമ്പർ ADFW/7387/2023-SA1 തീയതി . 08-01-2024</u>**

വിവിധ സർക്കാർ വകുപ്പുകളിലെ എൽ.ഡി ക്ലാർക്ക് തസ്തികകളിൽ ഉണ്ടാകുന്ന ഒഴിവുകളുടെ 10 ശതമാനത്തിലേക്ക് അതാത് വകുപ്പിലെ ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്കും സബോർഡിനേറ്റ് സർവ്വീസിൽ ഉൾപ്പെട്ട താഴ്ന്ന വിഭാഗം ജീവനക്കാർക്കും യോഗ്യതയുടേയും എൻട്രി കേഡറിലെ സീനിയോരിറ്റിയുടെയും അടിസ്ഥാനത്തിൽ അതാത് വകുപ്പുകളിലെ എൽ.ഡി ക്ലാർക്ക് തസ്തികകളിലേക്ക് തസ്തികമാറ്റം വഴി നിയമനം നൽകുന്നതിന് പരാമർശം 1,2,3 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

കാർഷിക വികസന കർഷക ക്ഷേമ വകുപ്പിന്റെ ആസ്ഥാന കാര്യാലയത്തിലെ ക്ലാർക്ക് തസ്തികയിലുണ്ടാകുന്ന ഒഴിവുകളുടെ 10% ഒഴിവുകളിലേക്ക് തസ്തികമാറ്റം മുഖേന നിയമനം നടത്തുന്നതിനായി കേഡർ സ്ട്രെങ്ത് 8 ആയി നിജപ്പെടുത്തി പരാമർശം (4) പ്രകാരം ഉത്തരവായിട്ടുണ്ട്. കാർഷിക വികസന കർഷക ക്ഷേമ വകുപ്പിലെ ലാസ്റ്റ് ഗ്രേഡ് വിഭാഗം ജീവനക്കാരുടേയും സബോർഡ്നേറ്റ് സർവ്വീസിൽ ഉൾപ്പെട്ട താഴ്ന്ന വിഭാഗം ജീവനക്കാരുടേയും സംസ്ഥാനതല മുൻഗണനാപട്ടിക പരാമർശം (5) പ്രകാരം പ്രസിദ്ധീകരിച്ച് ഉത്തരവായിട്ടുണ്ട്.

ക്ളർക്ക് തസ്തികയിൽ പരാമർശം (6) പ്രകാരം തസ്തികമാറ്റം നൽകിയ ജീവനക്കാരിൽ 4 ജീവനക്കാർ വിരമിച്ചതു മുഖേന നിലവിൽ വന്ന ഒഴിവും ഒരാൾ ജോലിയിൽ പ്രവേശിക്കാത്തതുമായി നിലവിലുള്ള ഒരു ഒഴിവും നികത്തേണ്ടതുണ്ട്.

മേൽ സാഹചര്യത്തിൽ 4 ജീവനക്കാർ വിരമിച്ചത് മുഖേനയും ഒരാൾ ജോലിയിൽ പ്രവേശിക്കാത്തത് മുഖേനയും നിലവിൽ 5 ഒഴിവ് നിലവിലുണ്ട്. ആയതിനാൽ സീനിയോറിട്ടി പട്ടികയിലെ അടുത്ത സീനിയർ ആയ 5 ജീവനക്കാർക്ക് ചുവടെ ചേർക്കും പ്രകാരം 19000-43600

I/164200/2024

(26500-60700 പുതുക്കിയ) ശമ്പള സ്കെയിലിൽ ഉദ്യോഗക്കയറ്റം നൽകി നിയമിച്ചുത്തരവാകുന്നു.

| ക്രമ നം | നിയമനം നൽകുന്ന ജീവനക്കാരന്റെ പേര് | അന്തിമ സീനിയോറിട്ടി ലിസ്റ്റിലെ ക്രമ നം. | നിലവിൽ വഹിക്കുന്ന തസ്തിക | നിലവിൽ ജോലി ചെയ്യുന്ന കാര്യാലയം | ക്ളർക്ക് തസ്തികയിൽ തസ്തികമാറ്റം വഴി നിയമനം നൽകുന്ന കാര്യാലയം |
|---|---|---|---|---|---|
| 1 | ശ്രീ ഇസ്മയിൽ. എ.ആർ | 55 | ഓഫീസ് അറ്റൻഡന്റ് | പ്രിൻസിപ്പൽ കൃഷി ഓഫീസ് ,പാലക്കാട് | RTTC, vellayani |
| 2 | കെ.എ.മോളി | 71 | ഓഫീസ് അറ്റൻഡന്റ് | ജില്ലാ മണ്ണ് പരിശോധനാശാല,എറണാകുളം | കൃഷി ഡയറക്ടറേറ്റ് |
| 3 | ഹരിത്ത് കുമാർ.വി | 75 | മെക്കാനിക്ക് | എ.ഡി.എ, ചെങ്ങന്നൂർ | FIB,TVM |
| 4 | ബി.ആർ.അനിൽകുമാർ | 87 | ലാബ് അസ്സിസ്റ്റന്റ് | ബയോടെക്നോളജി&മോഡൽ ഫ്ളോറി കൾച്ചർ സെന്റർ കഴക്കൂട്ടം | ബയോടെക്നോളജി &മോഡൽ ഫ്ളോറി കൾച്ചർ സെന്റർ കഴക്കൂട്ടം |
| 5 | കെ.ആർ.മധു | 96 | ഡ്രൈവർ(Sel.grade) | കൃഷി ഡയറക്ടറേറ്റ് | കൃഷി ഡയറക്ടറേറ്റ് |

ഈ ഉത്തരവ് കൈപ്പറ്റി 15 ദിവസത്തിനകം മേൽപ്പറഞ്ഞ ജീവനക്കാർ ബന്ധപ്പെട്ട ഓഫീസർ മുമ്പാകെ ജോലിക്ക് ഹാജരാകേണ്ടതാണ്. ഏതെങ്കിലും ജീവനക്കാരൻ യഥാസമയം ജോലിക്ക് ഹാജരാകാത്തപക്ഷം ടിയാളുടെ നിയമനം റദ്ദാക്കുകയും മുൻഗണനാ ക്രമത്തിൽ അടുത്ത റാങ്കിലുള്ള ജീവനക്കാരന് നിയമന ഉത്തരവ് നൽകുന്നതുമായിരിക്കും. തസ്തികമാറ്റം വഴി നിയമനം ലഭിക്കുന്ന ഉദ്യോഗസ്ഥൻ പുതിയ തസ്തികയിൽ ജോലിയിൽ പ്രവേശിക്കുന്നത് മുതൽ തുടർച്ചയായ 3 വർഷത്തിൽ 2 വർഷക്കാലം പ്രൊബേഷനിലായിരിക്കും. ബന്ധപ്പെട്ട മേലധികാരി ടി ജീവനക്കാർ ജോലിയിൽ പ്രവേശിച്ച വിവരം യഥാസമയം ഈ കാര്യാലയത്തിൽ അറിയിക്കേണ്ടതാണ്.

Signed by
Beena P S
Date: 09-01-2024 21:05:39

BEENA P S
SENIOR ADMINISTRATIVE OFFICER
കൃഷി ഡയറക്ടർ (i/c)

പകർപ്പ്

1. എല്ലാ പ്രിൻസിപ്പൽ കൃഷി ഓഫീസർമാർക്കും കൃഷി ഡയറക്ടറുടെ നേരിട്ട് നിയന്ത്രണത്തിലുള്ള ഓഫീസുകൾക്കും
2. കൃഷി ഡെപ്യൂട്ടി ഡയറക്ടർ (ഐ.ടി സെൽ) ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്
3. കരുതൽ ഫയൽ/ അധികം